(ഡി) 1969-ലെ സഹകരണ നിയമവും ചട്ടങ്ങളും സമഗ്രമായി പരിഷ്കരിക്കുന്നതിനുള്ള ശിപാർശകൾ സമർപ്പിക്കുന്നതിനുവേണ്ടിയാണ് വിദഗ്ധ കമ്മിറ്റിയെ നിയോഗിച്ചിരിക്കുന്നത്. കമ്മിറ്റി അതിന്റെ ശിപാർശകൾ സമർപ്പിക്കുമ്പോൾ മാത്രമേ ഇത് സംബന്ധിച്ച വ്യക്തത ഉണ്ടാകുകയുള്ളൂ. മൂന്ന് മാസത്തിനകം കമ്മിറ്റിയുടെ ശിപാർശകൾ സമർപ്പിക്കുന്നതിനാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്.

സഹകരണ വികസന ക്ഷേമനിധി ബോർഡ്

143 (510) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ വികസന ക്ഷേമനിധി ബോർഡ് സ്ഥാപിക്കപ്പെട്ടത് ഏത് തീയതിയിലാണ്; നിധിയിൽ ഇപ്പോൾ അവശേഷിക്കുന്ന തുക എത്ര ; നിധിയിൽ നിന്നും ഇതിനകം എത്ര പേർക്ക് ക്ഷേമനിധി പ്രകാരമുള്ള സഹായം ലഭ്യമാക്കിയിട്ടുണ്ട് ; എത്ര അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയുണ്ട് ; വ്യക്തമാക്കുമോ ;

(ബി) ക്ഷേമനിധി ബോർഡിന് നിലവിൽ എത്ര ഓഫീസുകൾ ഉണ്ട്; ഇതിനായി പ്രതിവർഷമുള്ള ചെലവ് എത്രയെന്നു വ്യക്തമാക്കുമോ ;

(സി) നിലവിൽ എത്ര ജീവനക്കാർ പ്രവർത്തിച്ചു വരുന്നു ; സ്ഥിരപ്പെട്ടത്തപ്പെട്ടവർ എത്ര ; ദിവസ കൂലിയിലോ, മറ്റ് വ്യവസ്ഥയിലോ ജോലി നോക്കുന്നവർ എത്ര; വിശദമാക്കാമോ ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് നിയമിക്കപ്പെട്ടവർ എത്ര; പേര്, മേൽവിലാസം, തസ്തിക, ജോലിയിൽ പ്രവേശിച്ച തീയതി, ശമ്പളം എന്നിവ വിശദമാക്കാമോ ;

(ഇ) ക്ഷേമനിധി ബോർഡിന്റെ പ്രവർത്തന ചെലവ് വഹിക്കുന്നത് ആരാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് 30-11-2000-ൽ രൂപീകരിക്കുകയും 11-12-2000-ൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതി പ്രകാരം ക്ഷേമ വികസന പദ്ധതിക്കായി 14,72,97,103 രൂപ ബാക്കി നിൽപ്പുണ്ട്. 20 സംഘങ്ങൾക്ക് ക്ഷേമവികസന പദ്ധതി പ്രകാരം സഹായം ലഭ്യമാക്കിയിട്ടുണ്ട്. 12 അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന് നിലവിൽ 2 ആഫീസുകളുണ്ട്. ഹെഡാഫീസ് തിരുവനന്തപുരത്തും, റീജിയണൽ ആഫീസ് തൃശ്ശൂരും പ്രവർത്തിക്കുന്നു. വാടക ഇനത്തിൽ ഹെഡാഫീസിന് പ്രതിമാസം 49,472 രൂപയും റീജിയണൽ ആഫീസിന് പ്രതിമാസം 20,837 രൂപയും ചെലവാകുന്നുണ്ട്. ഇത് ഉൾപ്പെടെ കേരള സഹകരണ വികസന ക്ഷേമ വികസന ബോർഡ് പ്രവർത്തനത്തിന് 2013-14 വർഷം 82,48,851 രൂപ ചെലവായിട്ടുണ്ട്. തൻവർഷം ഇതുവരെ 1,22,62,258 രൂപയുടെ പ്രവർത്തന ചെലവ് ഉണ്ടായിട്ടുണ്ട്.

(സി) കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ നിലവിൽ 47 ജീവനക്കാർ പ്രവർത്തിച്ചുവരുന്നു. സഹകരണ വകുപ്പിൽനിന്നും ഡെപ്യൂട്ടേഷൻ മുഖേന ഒരു ജോയിന്റ് രജിസ്ട്രാർ ബോർഡ് സെക്രട്ടറിയായും 2 അസിസ്റ്റന്റ് രജിസ്ട്രാർമാർ മാനേജർമാരായും ഉൾപ്പെടെ 24 സ്ഥിരം ജീവനക്കാരും, ദിവസക്കൂലി അടിസ്ഥാനത്തിൽ 2 ജീവനക്കാരും, കരാർ അടിസ്ഥാനത്തിൽ 21 ജീവനക്കാരും ബോർഡിൽ ജോലി ചെയ്യുന്നു.

(ഡി) ഈ സർക്കാരിന്റെ കാലത്ത് 13 പേർ നിയമിക്കപ്പെട്ടു. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഇ) കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന ക്ഷേമ വികസന പദ്ധതി, റിസ്ക് ഫണ്ട് പദ്ധതി എന്നീ പദ്ധതികളിലായി അംഗസംഘങ്ങൾ അടയ്ക്കുന്ന വിഹിതത്തിൽനിന്നും കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനത്തിനുള്ള ചെലവ് ബോർഡ് വഹിക്കുന്നു.

ഉണർവ് പദ്ധതി

144 (511) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ മേഖലയിൽ ഉണർവ് പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly